# COCHIN UNIVERSITY OF SCIENCE AND TECHNOLOGY

(Cochin University P.O., Kochi-22)

Ad.G1/Security Guards(Contract)/2025 Kochi-22, 21.08.2025

## വിജ്ഞാപനം

കൊച്ചി സർവ്വകലാശാലയിൽ കരാറടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡായി കരാറടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനായി താഴെപ്പറയുന്ന യോഗ്യതകൾ ഉള്ള വിമുക്തഭടന്മാരിൽ (Ex-serviceman) നിന്നും അപേക്ഷ ക്ഷണിക്കുന്നു.

| തസ്തിക | ഒഴിവുകളുടെ എണ്ണം | കുറഞ്ഞ അടിസ്ഥാന യോഗ്യത/ എക്സ്പീരിയൻ | | പ്രതിമാസ വേതനം |
|---|---|---|---|---|
| സെക്യൂരിറ്റി ഗാർഡ് (കരാറടിസ്ഥാനം) | 15 (Likely to vary) | i | പത്താം സ്റ്റാൻഡേർഡ്/ തത്തുല്യ യോഗ്യത പാസ്സായിരിക്കണം | ₹22,240/- |
| | | ii | സൈന്യം/ സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ്/ ബോർഡർ സെക്യൂരിറ്റി ഫോഴ്സ് / സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് / ഇന്ത്യോ-ടിബറ്റൻ ബോർഡർ പോലീസ് / സശസ്ത്ര സീമാബൽ തുടങ്ങി സൈനിക/അർദ്ധസൈനിക വിഭാഗങ്ങളിൽ 5 വർഷത്തെ സേവന പരിചയം | |
| | | iii. | നല്ല ശാരീരിക ഘടന | |
| | | iv | ഉയർന്ന പ്രായപരിധി 56 വയസ്സ്(01.01.2025 കണക്കാക്കി) | |

### മറ്റ് നിബന്ധനകൾ

കരാർ നിയമനത്തിന്റെ കാലാവധി സർവകലാശാല സമയോചിതമായി തീരുമാനിക്കുന്നതു പോലെ ആയിരിക്കും. കരാർ നിയമനത്തിന് സംസ്ഥാനത്തിന്റെ സംവരണനിയമങ്ങൾ ബാധകമായിരിക്കും. സർവകലാശാലയിൽ കരാർ നിയമനത്തിന്റെ അടിസ്ഥാനത്തിൽ നാലുവർഷം അല്ലെങ്കിൽ അതിലധികം സേവനം നടത്തിയിട്ടുള്ള ജീവനക്കാരെ , കരാർ നിയമനത്തിന്റെ അടിസ്ഥാനത്തിൽ നാലുവർഷം പൂർത്തിയാക്കാത്ത യോഗ്യരായ സ്ഥാനാർത്ഥികൾ ഇല്ലാത്ത പക്ഷം മാത്രമേ നിയമനത്തിന് പരിഗണിക്കുകയുള്ളൂ.

നിയമനം, സേവന നിബന്ധനകൾ, വേതനം, മറ്റ് സേവനാനുബന്ധ സൗകര്യങ്ങൾ എന്നിവ കാലാനുസൃതമായി ഭേദഗതി ചെയ്യപ്പെടുന്ന കേരള സർവീസ് റൂളുകൾ, കേരള സ്റ്റേറ്റ് ആൻഡ് സബ്ഓർഡിനേറ്റ് സർവീസ് റൂളുകൾ, നിയമങ്ങൾ/സ്റ്റാറ്റ്യൂട്ടുകൾ/ഓർഡിനൻസുകൾ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സിൻഡിക്കേറ്റ് തീരുമാനങ്ങൾ എന്നിവ പ്രകാരമായിരിക്കും.

### അപേക്ഷ സമർപ്പിക്കുന്ന വിധം:

1. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ 20.09.2025-നകം കൊച്ചി ശാസ്ത്ര സാങ്കേതിക

സർവകലാശാലയുടെ വെബ്സൈറ്റ് recruit.cusat.ac.in മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. അപ്‌ലോഡ് ചെയ്ത അപേക്ഷാഫോമിന്റെ ഒപ്പിട്ട ഹാർഡ് കോപ്പിയും പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി എന്നിവ സംബന്ധിച്ച തെളിവുകളും കൂടി 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി-22' എന്ന വിലാസത്തിൽ 25.09.2025-നകം ലഭിക്കേണ്ടതാണ്. കവറിൽ 'സെക്യൂരിറ്റി ഗാർഡ് (കരാർ അടിസ്ഥാനം) ജീവനക്കാരുടെ തിരഞ്ഞെടുപ്പിനുള്ള അപേക്ഷ' എന്ന് എന്ന് സൂചിപ്പിക്കേണ്ടതാണ്.
3. വൈകിയതും അപൂർണ്ണവുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല .

**<u>ഫീസ് (</u>**ഓൺലൈൻ മുഖേന : നെറ്റ് ബാങ്കിംഗ്/ ക്രെഡിറ്റ് /ഡെബിറ്റ് കാർഡ്**<u>)</u>**

ജനറൽ / ഒബിസി വിഭാഗം : ₹ 900/-

എസ്.സി./എസ്.ടി. വിഭാഗം : ₹ 185/-

**(**കാഷ് / ചെക്ക് / ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന നടത്തുന്ന പേയ്മെന്റ് സ്വീകരിക്കുകയില്ല**).**

**REGISTRAR**

* This is a computer generated document. Hence no signature is required.